(ഡി) അഞ്ചുകോടി ഏഴ്‌ലക്ഷത്തി ഇരുപതിനായിരം (5,07,20,000 രൂപ) മൽസ്യഫെഡ് ചെലവഴിച്ചു. ഇതിൽ 1,44,40,000 രൂപ ജില്ലാ കോ-ഓപ്പറേറീവ് വഴിയാണ് ചെലവഴിച്ചത്.

പഞ്ചായത്ത് വാർഡ് വിഭജനം

*127 [129] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ വാർഡ് വിഭജന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവർത്തനം എന്നു പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം):

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും വാർഡ് വിഭജനം കഴിഞ്ഞു. അതാത് ജില്ലാ പഞ്ചായത്താഫീസർമാർ വാർഡ് വിഭജനം പ്രസിദ്ധപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. എന്നാൽ വാർഡ് വിഭജന ഉത്തരവുകളിൻമേൽ ഗവൺമെൻറിന് കിട്ടിയിട്ടുള്ള റിവിഷൻ ഹർജികളും മുഴുവനും തീർപ്പാക്കിയിട്ടില്ല.

(ബി) വാർഡ് വിഭജനം സംബന്ധിച്ച് ശ്രേഷിക്കുന്ന റിവിഷൻ ഹർജികളിൽ എത്രയും വേഗം തീർപ്പ് കൽപ്പിക്കുന്നതാണ്.

ക്രിസ്തുമത വിശ്വാസികൾ ഹിന്ദുമതം സ്വീകരിക്കുമ്പോൾ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്

*128 [130] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ വിഭാഗങ്ങളിലെ ക്രിസ്തുമത വിശ്വാസികൾ ഹിന്ദുമതം സ്വീകരിച്ച് ഗസറ്റിൽ പരസ്യപ്പെടുത്തിയശേഷവും വില്ലേജ് ഓഫീസുകളിൽനിന്നും തഹസീൽദാരുടെ ഓഫീസിൽനിന്നും ഹിന്ദുമതം ആണെന്ന സർട്ടിഫിക്കറ്റ് കൊടുക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) എങ്കിൽ അത് പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) 7-3-1984-ലെ ജി. ഒ. (എം. എസ്.) നമ്പർ 16/84/ എച്ച്. ഡബ്ളിയു. ഡി. യുടെ വെളിച്ചത്തിൽ സർട്ടിഫിക്കറ് കൊടുക്കാത്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ,ബി) അവശ വിഭാഗങ്ങളിലെ ക്രിസ്തുമത വിശ്വാസികൾ ഹിന്ദുമതം സ്വീകരിച്ച് ഗസറ്റിൽ പരസ്യപ്പെടുത്തികഴിഞ്ഞാൽ അവർ റവന്യൂ ഉദ്യോഗസ്ഥൻമാരിൽനിന്ന് പട്ടികജാതി (ഹിന്ദു) യിൽപ്പെട്ട വരാണെന്ന സർട്ടിഫിക്കറിന് അർഹരാകുന്നു എന്ന ധാരണ ശരിയല്ല. പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവരോ അവരുടെ പിൻഗാമികളോ തിരിച്ച് ഹിന്ദുമതം സ്വീകരിച്ചാൽ അവർക്ക് ജാതി സർട്ടിഫിക്കറ് നൽകുന്നത് 7-3-1984-ലെ ജി. ഒ. (എം. എസ്.)നമ്പർ 16/84 എച്ച്. ഡബ്ളിയു. ഡി. ഉത്തരവു പ്രകാരമുള്ള നടപടിക്രമം അനുസരിച്ചാണ്. ഇതുപ്രകാരം മതപരിവർത്തനം നടത്തിയ വ്യക്തിയെ

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തമുദ്രായം, തിരികെ അതിന്റെ അംഗമായി സ്വീകരിച്ചെന്നും അതിനു ശേഷം അയാൾ ഹിന്ദുവായിത്തന്നെ ജീവിക്കുന്നുവെന്നുമുള്ള സർട്ടിഫിക്കറുകളും അതേ സമുദായത്തിലെ ഉത്തരവാദപ്പെട്ട ആൾക്കാരിൽ നിന്ന് ഹാജരാക്കിയാലേ റവന്യൂ ഉദ്യോഗസ്ഥൻമാർക്ക് ജാതി സർട്ടിഫിക്കറ് നൽകാനാവൂ. എന്നാൽതന്നെ സംശയമുള്ള കേസുകളും പട്ടികജാതി വികസന വകുപ്പു ഡയറക്ടറെയും കിർട്ടാഡ്സ് ഡയറക്ടറേയും കൊണ്ടുകൂടി അന്വേഷിപ്പിച്ചശേഷമേ ജാതി സർട്ടിഫിക്കറ് നൽകാറുള്ളൂ സാധിക്കുകയുള്ളൂ.

(സി) വ്യക്തമായ കേസുകളും പൂണ്ടിക്കാണിച്ചാൽ നടപടി കൈക്കൊള്ളുന്നതാണ്.

അവശ ക്രൈസ്തവ കോർപ്പറേഷൻ

*129 [131] [ശ്രീ. കെ. ഇ. ഇസ്മയിൽ:
,, എം. കെ. കേശവൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, കെ. ടി. കണാരൻ:
,, കെ. ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ ക്രൈസ്തവ കോർപ്പറേഷൻ എന്നാണ് രൂപീകരിച്ചത്;

(ബി) അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ഈ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി ഇതുവരെ ഗവൺമെന്റ് എന്ത് തുക ചിലവഴിച്ചു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 3-12-1980-ൽ

(ബി) കോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(1) സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി ഭവനനിർമ്മാണ പദ്ധതി.

(2) മാർജിൻ മണി സ്കീം.

(3) പ്രകൃതിക്ഷോഭത്തിനിരയായവർക്കുള്ള ഭവനനിർമ്മാണ പദ്ധതി.

(4) വിദേശത്ത് ജോലി സമ്പാദിക്കുന്നതിനുള്ള വായ്പാപദ്ധതി.

(5) കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി.

(6) ഓട്ടോറിക്ഷാ വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി.

(7) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഒന്നാം ക്ലാസ്സിൽ പാസ്സാകുന്നവർക്ക്, പ്രോത്സാഹനഗ്രാന്റ് നൽകുന്ന പദ്ധതി.

(സി) ഷെയർ ക്യാപ്പിറ്റലിൽ അസിസ്റ്റൻസായി 51.25 ലക്ഷം രൂപയും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ആയി 18,50,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly